**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 3795 — 11-11-2019-ൽ മറുപടിയ്ക്ക്

**ചെങ്ങന്നൂരിലെ ഗോപീകൃഷ്ണനെന്ന കുട്ടിയുടെ ദുരൂഹ മരണം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.സജി ചെറിയാൻ** | | **പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | ചെങ്ങന്നൂർ പാണ്ടനാട് വൻവഴി പുതിയ വീട്ടിൽ ഗോപാലകൃഷ്ണന്റെ പതിനേഴ് വയസ്സുള്ള മകൻ ഗോപീകൃഷ്ണനെ 2019 ജൂൺ 24-ന് വീട്ടിനുള്ളിൽ തൂങ്ങിമരിച്ചനിലയിൽ കാണപ്പെട്ടതിനെ തുടർന്ന് വീട്ടിനുള്ളിൽ കണ്ട രക്തക്കറ, ഉച്ചയ്ക്ക് വീടിനു മുന്നിൽ അപരിചിതരെ കണ്ടുവെന്ന അയൽക്കാരുടെ മൊഴി തുടങ്ങിയ സംശയാസ്പദമായ സാഹചര്യങ്ങൾ മുൻ നിർത്തി ബന്ധുക്കൾ നൽകിയ പരാതി പോലീസ് അന്വേഷണ വിധേയമാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | ഈ സംഭവവുമായി ബന്ധപ്പെട്ട് ചിറ്റപ്പനായ ബാലകൃഷ്ണൻ ആചാരിയുടെ മൊഴിയുടെ അടിസ്ഥാനത്തിൽ ചെങ്ങന്നൂർ പോലീസ് സ്റ്റേഷൻ ക്രൈം നം. 1655/19 U/S 174 CrPC പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുള്ളതാണ്.<br>എന്നാൽ മരണത്തിൽ ബന്ധുക്കളും രക്ഷാകർത്താക്കളും സംശയമുന്നയിച്ചിട്ടുള്ളതും, അമ്മയുടെ മൊഴിയിൽ, അപരിചിതനായ ആരോ ഒരാൾ വന്ന് പോയി എന്നും മറ്റും അയൽവാസിയായ ഒരാൾ പറഞ്ഞിട്ടുള്ളതും, ആയതിന്മേൽ സൈബർ സെല്ലിന്റെ സഹായത്തോടെ വിശദമായ അന്വേഷണം നടത്തിയിട്ടുള്ളതും, അപ്രകാരം ആരെങ്കിലും വന്ന് പോയിട്ടുള്ളതായി അയൽവാസി അല്ലാതെ മറ്റാരും തന്നെ പറഞ്ഞിട്ടില്ലാത്തതുമാണ്. കൃത്യസ്ഥലത്തിന് സമീപത്തു നിന്ന് ശേഖരിച്ച രക്തക്കറയുടെ സാമ്പിളുകൾ രാസ പരിശോധനയ്ക്കായി ബഹു. കോടതി മുഖാന്തിരം അയച്ചുകൊടുത്തിട്ടുള്ളതും, ഉപയോഗിച്ചിരുന്ന മൊബൈൽ ഫോണിന്റെ കോൾ വിവരങ്ങളും മറ്റും ശേഖരിക്കുന്നതിനായി സൈബർ സെല്ലിന് അയച്ച് അന്വേഷണം നടത്തിയിട്ടുള്ളതുമാണ്. |
| (ബി) | പ്രസ്തുത ദുരൂഹ മരണത്തിന്റെ കാരണം കൂടുതൽ അന്വേഷണത്തിലൂടെ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ബി) | ഈ കേസ്സിലേയ്ക്ക് കൂടുതൽ സാക്ഷികളേയും മറ്റും കണ്ട് ചോദിച്ചും, കെമിക്കൽ പരിശോധനാ ഫലം പരിശോധിച്ചും കൂടുതൽ അന്വേഷണം നടത്തേണ്ടതായിട്ടുണ്ട്. അതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ